സ.ഉ.(സാധാ) നം.69/2023/ENVT

192/B1/2022/Envt (part file)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission - KSCCAM) - ചീഫ് റിസിലിയൻസ് ഓഫീസറെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരിസ്ഥിതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.69/2023/ENVT തീയതി,തിരുവനന്തപുരം, 26-09-2023

പരാമർശം:- 1. 04-08-2023-ലെ സ.ഉ.(സാധാ) നം.61/2023/പരിസ്ഥിതി.

2. ചീഫ് സെക്രട്ടറിയുടെ 11-09-2023-ലെ 187/സ്പെഷ്യൽ സെൽ/2023/സി.എസ്.ഒ. നം. കുറിപ്പ്

ഉത്തരവ്

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്നു വരുന്ന വെല്ലുവിളികൾ കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission - KSCCAM) സൂചന (1) പ്രകാരം രൂപീകരിക്കുകയും ടി മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി ചീഫ് റിസിലിയൻസ് ഓഫീസർ ഉൾപ്പെടെയുള്ള സാങ്കേതിക വിദഗ്ധരടക്കം 9 തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. ചീഫ് റിസിലിയൻസ് ഓഫീസറുടെ തസ്തികക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളും, ഭരണതലപരിചയവും, ശമ്പളസ്കെയിലും (UGC 14) ഉള്ള ഒരു ഓഫീസറെയാണ് ടി തസ്തികയിൽ നിയമിക്കേണ്ടത്.

2. മേൽ സാഹചര്യത്തിൽ കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ (Kerala State Climate Change Adaptation Mission - KSCCAM) പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിലേക്കായി നിർദിഷ്ട യോഗ്യതയുള്ള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ. എൽ. കുര്യാക്കോസിന് (PEN 771127) , ടി മിഷന്റെ ചീഫ് റിസിലിയൻസ് ഓഫീസറുടെ അധിക ചുമതല നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

ഡോ. ശേഖർ.എൽ.കുര്യാക്കോസ്, മെമ്പർ, സ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്
സയൻസ് & ടെക്നോളജി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
പരിസ്ഥിതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ upload ചെയ്യുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Scanned with OKEN Scanner

പകർപ്പ് :-

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Nalan A T
Date: 26-09-2023 15:26:21
സെക്ഷൻ ഓഫീസർ

Scanned with OKEN Scanner